**കേരള സർക്കാർ**

<u>സംഗ്രഹം</u>

സാമൂഹ്യക്ഷേമ വകുപ്പ് - ഐ.സി.ഡി.എസ്. - വീറ്റ് ബേയ്സ്ഡ് ന്യൂട്രീഷൻ പദ്ധതി 2012-13 പ്രകാരം അനുവദിച്ച അരിയിൽ അവശേഷിക്കുന്നവ ഓണം പ്രമാണിച്ച് പ്രീസ്കൂൾ കുട്ടികൾക്ക് വീടുകളിൽ കൊടുത്തുവിടുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**സാമൂഹ്യക്ഷേമ (ബി) വകുപ്പ്**

സ.ഉ. (സാധാ) നം. 375/2012/സാ.ക്ഷേ.വ. തീയതി, തിരുവനന്തപുരം: 25.08.2012.

=====================================================================

പരാമർശം:-
1. 26.09.2011-ലെ സ.ഉ (സാധാ) നം. 354/2011/സാ.ക്ഷേ.വ.
2. കേന്ദ്ര സർക്കാരിന്റെ 23.04.2012-ലെ 7-1/2012-CD III നമ്പർ കത്ത്.
3. 14.08.2012-ലെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ ICDS B3-23208/12 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കേന്ദ്ര സർക്കാർ വീറ്റ് ബേയ്സ്ഡ് ന്യൂട്രീഷൻ പ്രോഗ്രാം പ്രകാരം 2011-12 സാമ്പത്തിക വർഷം രണ്ടും മൂന്നും ക്വാർട്ടറിൽ അനുവദിച്ച അരിയിൽ അംഗൻവാടിയിൽ അധിക സ്റ്റോക്കുള്ള അരി 30.08.2011 വരെ നൂൺ ഫീഡിങ്ങിന് ആവശ്യമുള്ള സ്റ്റോക്ക് നിലനിർത്തി അവശേഷിക്കുന്ന അരി (5കി.ഗ്രാം ലിമിറ്റ് ചെയ്ത്) ഓരോ പഞ്ചായത്തിലും അധികമുള്ള സ്റ്റോക്കിന് ആനുപാതികമായി പ്രീ-സ്കൂൾ കുട്ടികൾക്ക് വീട്ടിൽ കൊടുത്തുവിടുന്നതിന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി.

2011-12 നാലാം ക്വാർട്ടറിലെ അരി എഫ്.സി.ഐ.യുടെ വാഗൻ ക്ലിയറൻസും തൊഴിൽ പ്രശ്നങ്ങളും കാരണം നിശ്ചിത സമയ പരിധിക്കുള്ളിൽ ലിഫ്റ്റ് ചെയ്യുവാൻ സാധിക്കാതെ വന്നതിനാൽ 2012 മെയ് മാസത്തോടെയാണ് ലിഫ്റ്റിംഗ് നടപടി പൂർത്തിയായതെന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ 70%-ൽ അധികം ലിഫ്റ്റ് ചെയ്യണമെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളതിനാൽ 2012-13-ൽ അനുവദിച്ച അരിയും ലിഫ്റ്റ് ചെയ്തിരുന്നുവെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിക്കുകയുണ്ടായി. നൂൺ ഫീഡിംഗിന് ഉപയോഗിക്കുന്ന അരി ആവശ്യത്തിൽ കൂടുതൽ സ്റ്റോക്ക് ഉള്ളതിനാൽ, നിലവിലെ കാലാവസ്ഥയിൽ അരി കൂടുതൽ കാലം സൂക്ഷിച്ചു വച്ചാൽ കേടായി പോകാൻ സാധ്യതയുള്ളതിനാലും പഴകിയ അരി കുഞ്ഞുങ്ങൾക്ക് ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുവാൻ സാധിക്കാത്തതിനാലും ഈ സാമ്പത്തിക വർഷത്തിൽ ഫസ്റ്റ് ക്വാർട്ടറിൽ അനുവദിച്ച

അരിയിൽ 15.10.2012 വരെ നൂൺ ഫീഡിംഗിന് ആവശ്യമായ സ്റ്റോക്ക് നിലനിർത്തി അവശേഷിച്ചത് (5 കി.ഗ്രാമിൽ ലിമിറ്റ് ചെയ്ത്) ഓരോ പഞ്ചായത്തിലും അധികമുള്ള സ്റ്റോക്കിന് ആനുപാതികമായി പ്രീസ്കൂൾ കുട്ടികൾക്ക് വീടുകളിൽ കൊടുത്തു വിടുന്നതിന് അനുമതി സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2012-13 വർഷം ആദ്യ ക്വാർട്ടറിൽ അനുവദിച്ച അരിയിൽ 15.10.2012 വരെ നൂൺ ഫീഡിങ്ങിന് ആവശ്യമായ സ്റ്റോക്ക് നിലനിർത്തി അവശേഷിക്കുന്ന അരി (5കി.ഗ്രാമിൽ പരിമിതപ്പെടുത്തി) ഓരോ പഞ്ചായത്തിലും അധികമുള്ള സ്റ്റോക്കിന് ആനുപാതികമായി പ്രീസ്ക്കൂൾ കുട്ടികൾക്ക് ഓണത്തിന് വീട്ടിൽ കൊടുത്തു വിടുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ഗോവിന്ദൻ നമ്പൂതിരി.വി.എസ്**
അഡീഷണൽ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), തിരുവനന്തപുരം.
ധനകാര്യവകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

പുറത്തെഴുത്ത് നം: ICDS/B3-25268/12 തീയതി: 25.08.2012

മേൽ ഉത്തരവിന്റെ പകർപ്പ് അടിയന്തിര നടപടികൾക്കായി അയയ്ക്കുന്നു. ടി വിഷയത്തിൽ സ്വീകരിച്ച നടപടി എല്ലാ CDPO മാരിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് റിപ്പോർട്ട് ... പ്രോഗ്രാം ഓഫീസർമാർ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യക്ഷേമ ഡയറക്ടർക്കു വേണ്ടി

പ്രോഗ്രാം ഓഫീസർ / CDPO's.